# കേരളസർവകലാശാല

നം.പി.ആർ.248/2022

# പത്രക്കുറിപ്പ്

## വൈവ

കേരളസർവകലാശാല 2022 ആഗസ്റ്റിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ.ഹിസ്റ്ററി – വേൾഡ് ഹിസ്റ്ററി ആന്റ് ഹിസ്റ്റോറിയോഗ്രഫി (ന്യൂ ജനറേഷൻ കോഴ്സ്) പരീക്ഷയുടെ വൈവ പരീക്ഷകൾ നവംബർ 25 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.എഡ്. പരീക്ഷയുടെ സൂക്ഷ്മപരിശോധനയക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡ്/ഹാൾടിക്കറ്റുമായി ഇ.ജെ.III (മൂന്ന്) സെക്ഷനിൽ നവംബർ 25 മുതൽ ഡിസംബർ 2 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ ബി.ടെക്. കോഴ്സുകളിലെ ഒന്നാം വർഷത്തെയും രണ്ടാം വർഷത്തെയും ഒഴിവുള്ള ലാറ്ററൽ എൻട്രി സീറ്റുകളി ലേക്കുമുള്ള (കമ്പ്യൂട്ടർസയൻസ് ആന്റ് എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി) സ്പോട്ട് അഡ്മിഷൻ 2022 നവംബർ 24 മുതൽ കോളേജ് ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ കോളേജ് വെബ്സൈറ്റിൽ (www.ucek.in) ലഭ്യമാണ്. ഫോൺ:9037119776, 9388011160, 9447125125

കേരളസർവകലാശാലയുടെ എഡ്യൂക്കേഷൻ പഠനവകുപ്പിൽ എം.എഡ്. പ്രോഗ്രാമിന് ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥി കൾ 2022 നവംബർ 29 ന് രാവിലെ 10 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി വകുപ്പിൽ നേരിട്ട് ഹാജ രാകേണ്ടതാണ്. പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം.

## പി.ജി. ഡിപ്ലോമ ഇൻ മോളിക്യുലർ ഡയഗ്നോസ്റ്റിക്സ്

കേരളസർവകലാശാലയുടെ ബയോടെക്നോളജി വകുപ്പിനു കീഴിലുള്ള ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിനോമിക്സ് ആന്റ് ജീൻ ടെക്നോളജിയിൽ പി.ജി. ഡിപ്ലോമ ഇൻ മോളിക്യുലർ ഡയ ഗ്നോസ്റ്റിക്സ് 2023 അഡ്മിഷനു വേണ്ടിയുള്ള അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: അപ്ലൈഡ് സയൻസസ് അല്ലെങ്കിൽ ലൈഫ് സയൻസസിൽ ഒന്നാം ക്ലാസ്സ് ബിരുദാനന്തര ബിരുദം, എം.എൽ.റ്റി. അല്ലെങ്കിൽ അപ്ലൈഡ് സയൻസസിൽ എം.ടെക്. അല്ലെങ്കിൽ നഴ്സിംഗ് ഉൾപ്പെടെയുള്ള ലൈഫ് സയൻസസിലെ മറ്റേതെങ്കിലും വിഷയങ്ങൾ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ഡി സംബർ 5. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. ഫോൺ: 9495819218

## പി.ജി. ഡിപ്ലോമ ഇൻ പാലിയോഗ്രാഫി ആന്റ് കൺസർവേഷൻ ഓഫ് മാനുസ്ക്രിപ്റ്റ്സ്

കേരളസർവകലാശാലയുടെ കീഴിലുള്ള ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ പി.ജി. ഡിപ്ലോമ ഇൻ പാലിയോഗ്രാഫി ആന്റ് കൺസർവേഷൻ ഓഫ് മാനുസ്ക്രിപ്റ്റ്സ് കോഴ്സിലേക്ക് (റെഗുലർ), 2022-23 അഡ്മിഷനുള്ള അപേക്ഷ ക്ഷണിച്ചു. യോഗ്യത: 50% മാർക്കോടെ ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം. എസ്.സി./എസ്.ടി. വിഭാഗത്തിലുള്ള അപേക്ഷകർക്ക് കേരളസർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഇളവ് ഉണ്ടായിരിക്കുന്നതാണ്. പ്രായപരിധിയില്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ഡിസംബർ 15. വിശദവിവരങ്ങൾക്കും അപേക്ഷാഫോമും വെബ്സൈറ്റിൽ ലഭ്യമാണ്. ഫോൺ:0471-2308421/9495700985.

തിരുവനന്തപുരം,
23.11.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**